"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വിശാല കൊച്ചി വികസന അതോറിറ്റി - അതോറിറ്റിയിലെ ഭവനവായ്പ ഗുണഭോക്താക്കളായ ശ്രീ.റ്റി.കെ.ജോസഫ് ശ്രീ.കെ.എ.അബ്ദുൾ ഹമീദ് എന്നിവർക്ക് വായ്പകളിലെ കുടിശ്ശികയിനത്തിൽ പിഴപ്പലിശയിളവ് നൽകി ബാക്കി തുക അടപ്പിച്ച് റവന്യൂ റിക്കവറി അവസാനിപ്പിച്ച നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.1794/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 30/09/2020

പരാമർശം:- 1 ജിസിഡിഎ നിർവ്വാഹക സമിതിയുടെ 30.08.2019-ലെ 97/2019-20 നമ്പർ തീരുമാനം.

2 ജിസിഡിഎ സെക്രട്ടറിയുടെ 18.02.2020, 01.07.2020 തീയതികളിലെ 3749/ആർ.ആർ/റവന്യൂ/10//ജിസിഡിഎ നമ്പർ കത്ത്

ഉത്തരവ്

വിശാല കൊച്ചി വികസന അതോറിറ്റി റവന്യൂ റിക്കവറിക്ക് അയച്ചിട്ടുള്ള ഭീമമായ തുക പിടിച്ചെടുക്കുന്നതിൽ അലംഭാവം കാണിക്കുന്നുവെന്നും, ആയത് സംബന്ധിച്ച നടപടികൾ സ്വീകരിക്കണമെന്നുമുള്ള ആഡിറ്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, ആർ.ആർ. അദാലത്തിൽ വെച്ച് ആർ.ആർ. അർത്ഥനകളിൽ പിഴപ്പലിശ ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കുന്നതിനായി പരാമർശം (1) പ്രകാരം ജിസിഡിഎ നിർവ്വാഹക സമിതി തീരുമാനമെടുത്തു. അതോറിറ്റിയ്ക്ക് വാടകയിനത്തിലും ഭവനപദ്ധതിയുടെ ഇൻസ്റ്റാൾമെന്റ് ഇനത്തിലും ലഭിക്കുന്നതിനുള്ള കുടിശ്ശിക ഈടാക്കുന്നതിനായി 21/01/2020-ൽ കൊച്ചി റവന്യൂ റിക്കവറി സ്പെഷ്യൽ തഹസിൽദാർ ഓഫീസിൽ വെച്ച് ആർ.ആർ. അദാലത്ത് നടത്തുകയുണ്ടായി. ടി അദാലത്തിൽ ഉൾപ്പെട്ടിട്ടുള്ള 9 കേസുകളിൽ താഴെ പറയുന്ന 2 കേസുകളിൽ പിഴപ്പലിശ ഒരു ലക്ഷം രൂപയിൽ കൂടുതലാണ്.

| ക്രമ നം. | കക്ഷിയുടെ പേര് | മുതൽ | പലിശ പിഴപ്പലിശ എന്നിവ ഉൾപ്പടെ ആകെ തുക | പിഴപ്പലിശ |
|---|---|---|---|---|
| 1. | റ്റി.കെ ജോസഫ്<br>എൽ.ഐ.ജി ലോൺ | ₹ 22,452/- | ₹ 1,96,161/- | ₹ 1,14,000/- |
| 2. | കെ.എ.അബ്ദുൾ ഹമീദ്<br>എം.ഐ.ജി ലോൺ | ₹ 64,413/- | ₹ 3,56,861/- | ₹ 1,70,000/- |

2) ശ്രീ.റ്റി.കെജോസഫ്, ശ്രീ.കെ.എ.അബ്ദുൾ ഹമീദ് എന്നിവർക്ക് വിശാല കൊച്ചി വികസന അതോറിറ്റിയിൽ നിന്നും അനുവദിച്ച ഭവന വായ്പകളിലെ കുടിശ്ശികയിനത്തിൽ യഥാക്രമം ₹114000/ - രൂപയും, ₹ 1,70,000/- രൂപയും പിഴപ്പലിശയിളവ് നൽകി ബാക്കി തുക അടപ്പിച്ച് റവന്യൂ റിക്കവറി

അവസാനിപ്പിച്ച നടപടിയ്ക്ക് 2015 -ലെ കേരള ടൗൺ & കൺട്രി പ്ലാനിംഗ് (ഡവലപ്മെന്റ് അതോറിറ്റി) റൂൾസ് പ്രകാരം അദ്ധ്യായം 4 റൂൾ 58(2) പ്രകാരമുള്ള അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് ജിസിഡിഎ സെക്രട്ടറി പരാമർശം (2) പ്രകാരം സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിരിക്കുന്നു.

3) മത്സ്യബന്ധന തൊഴിലാളിയായ ശ്രീ.റ്റി.കെ.ജോസഫ് രക്തവാതംമൂലം ജോലിക്ക് പോകാൻ സാധിക്കാത്തതിനാൽ വായ്പാ കടിശ്ശിക തിരിച്ചടയ്ക്കാൻ കഴിയാത്ത അവസ്ഥയിലാണ്. പോലീസ് ഡ്രൈവറായിരുന്ന ശ്രീ.കെ.എ അബ്ദുൾ ഹമീദ് വൃക്കസംബന്ധമായ രോഗംമൂലം 2000-ൽ വോളിന്ററി റിട്ടയർമെന്റ് എടുക്കുകയും ചികിത്സയ്ക്കിടയിൽ 2018-ൽ ടിയാൻ മരണപ്പെടുകയും ചെയ്തു. ടിയാന്റെ അസുഖങ്ങളും തുടർന്നുണ്ടായ സാമ്പത്തിക ബാദ്ധ്യതയും മൂലം ലോൺ തിരിച്ചടയ്ക്കാൻ കഴിയാത്ത അവസ്ഥയിലാണ്. മേൽ പറഞ്ഞ കക്ഷികളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് അതോറിറ്റി വിശദമായ അന്വേഷണം നടത്തുകയും മേൽ പരാമർശിച്ച വിവരങ്ങൾ ബോധ്യമായിട്ടുള്ളതായി രണ്ടു പേരുടെയും ചികിത്സാ സംബന്ധമായ രേഖകൾ ഉൾപ്പെടുത്തി സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.റ്റി.കെ.ജോസഫ്, ശ്രീ.കെ.എ.അബ്ദുൾ ഹമീദ് എന്നിവരുടെ സാമ്പത്തികാവസ്ഥയും മറ്റ് സാഹചര്യങ്ങളും കണക്കിലെടുത്ത് ടിയാളുകളുടെ വായ്പാ പിഴപ്പലിശയിനത്തിലുള്ള യഥാക്രമം ₹1,14,000/- രൂപയും ₹1,70,000/- രൂപയും ഇളവ് നല്കി ബാക്കി തുക അടപ്പിച്ച് റവന്യൂ റിക്കവറി അവസാനിപ്പിച്ച വിശാല കൊച്ചി വികസന അതോറിറ്റിയുടെ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പി .കെ. പ്രതാപൻ**

**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി, എറണാകുളം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ/ഇ&ആർ.എസ്.എ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ